# 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1212** — **02-02-2026 - ൽ മറുപടിയ്ക്ക്**

## പരമ്പരാഗത കലാരൂപങ്ങളുടെ പ്രോത്സാഹനവും സംരക്ഷണവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പരമ്പരാഗത കലാരൂപങ്ങളുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികൾ, അവയുടെ ലക്ഷ്യങ്ങൾ, ചെലവ് എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ; | (എ) | പരമ്പരാഗത കലാരൂപങ്ങളുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി ആരംഭിച്ച പദ്ധതിയായ ആയിരം യുവ കലാകാരന്മാർക്കുള്ള വജ്ര ജൂബിലി ഫെല്ലോഷിപ്പ് പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നശേഷവും തുടർന്ന് വരുന്നുണ്ട്. സാംസ്കാരിക വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കി വരുന്ന ഈ പദ്ധതിയിലേക്ക് വിജ്ഞാപനം ക്ഷണിച്ച് അഭിമുഖ പരീക്ഷയിലൂടെ കലാകാരരെ തെരഞ്ഞെടുത്ത് വിവിധ തദ്ദേശ സ്വയംഭരണ ക്ലസ്റ്ററുകളിൽ സൗജന്യ സാമൂഹ്യ കലാപരിശീലനത്തിനു നിയോഗിക്കുകയും ക്ലാസ്സുകളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയിൻ കീഴിൽ സാംസ്കാരിക വകുപ്പ് പ്രതിമാസം 10,000/-രൂപയും തദ്ദേശ സ്വയംഭരണവകുപ്പ് 7,500/- രൂപയും ഫെല്ലോഷിപ് തുക അനുവദിച്ച് വരുകയും ചെയ്യുന്നു. വിവിധ കലാരൂപങ്ങളിൽ നിശ്ചിത യോഗ്യത നേടിയ കലാകാരന്മാർക്ക് കലാരംഗത്ത് സ്വന്തമായൊരു ഇരിപ്പിടം ലഭ്യമാകുന്നത് വരെ പ്രോത്സാഹനം നൽകുക, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജന വിഭാഗത്തിന് സൗജന്യ കലാപരിശീലനം ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. |
| (ബി) | യുവകലാകാരന്മാർക്കും കലാസാംസ്കാരിക പ്രവർത്തകർക്കും സാമ്പത്തിക സഹായം, സ്കോളർഷിപ്പ്, ഫെലോഷിപ്പ് എന്നീ ഇനങ്ങളിൽ 2021 മുതൽ നാളിതുവരെ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | യുവകലാകാരന്മാർക്കും കലാസാംസ്കാരിക പ്രവർത്തകർക്കും ഫെല്ലോഷിപ്പ് ഇനത്തിൽ 2021 മുതൽ സാംസ്കാരിക വകുപ്പിൽ നിന്നും അനുവദിച്ച തുക താഴെ ചേർക്കുന്നു. |

| വർഷം | ഫെല്ലോഷിപ്പിന് ചെലവായ തുക |
|---|---|
| 2021-22 | 9,63,42,000 |
| 2022-23 | 7,95,41,000 |
| 2023-24 | 10,21,11,000 |
| 2024-25 | 8,19,75,000 |
| 2025-26 | 4,63,89,336 |

| | |
|---|---|
| ( 2025ഡിസംബർ 31 വരെ ) | |

സാമ്പത്തിക പ്രയാസം നേരിടുന്ന കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും പ്രതിമാസം 1600/- രൂപ നിരക്കിൽ ധനസഹായം അനുവദിച്ചുവരുന്നു. 2021 മുതൽ ധനസഹായം നൽകിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2021-22 | 5,12,92,000/- |
| 2022-23 | 5,21,59,000/- |
| 2023-24 | 4,45,24,417/- |
| 2024-25 | 3,93,25,680/- |
| 2025-26 (2025ഡിസംബർ 31 വരെ ) | 2,79,85,066/ |

അശരണരും രോഗബാധിതരുമായ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും അടിയന്തിര ചികിത്സാധനസഹായം നൽകുന്ന പദ്ധതി അനുസരിച്ച് 2021 മുതൽ ധനസഹായം അനുവദിച്ചത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| 2021-22 | 1,58,500/- |
| 2022-23 | 12,63,431/- |
| 2023-24 | 7,74,373/- |
| 2024-25 | 8,86,814/- |
| 2025-26 (2025ഡിസംബർ 31 വരെ ) | 2,11,431/- |

| | | | |
|---|---|---|---|
| (സി) | ഗ്രാമീണ മേഖലകളിലെ കലാകാരന്മാരെയും യുവപ്രതിഭകളെയും കണ്ടെത്തുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിക്കാനുള്ള തീരുമാനമുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | നിലവിലുള്ള പദ്ധതികൾ തുടരുന്നത് കൂടാതെ വിവിധ കലാരൂപങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച കലാകാരന്മാരെ ആദരിക്കുന്നതിന് ഫെല്ലോഷിപ്പുകൾ നൽകുന്ന പദ്ധതി, ഗോത്രകലകളുടെയും സംസ്കാരത്തിന്റെയും പ്രോത്സാഹനവും സംരക്ഷണവും പദ്ധതി തുടങ്ങിയവ പുതുതായി ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ